**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4501** **19-07-2022 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കാൻ നിയമ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കണമെന്നും ഇതിനായി നിയമ നിർമ്മാണം നടത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ജനവാസമേഖലകൾ ഒഴിവാക്കികൊണ്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാർ 05.10.2020 മുതൽ 07.04.2022 വരെയുള്ള വിവിധ കത്തുകളിലൂടെ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതാണ്. സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും ഒരു കിമി. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന ബഹു.സുപ്രീം കോടതിയുടെ ഉത്തരവിനെ തുടർന്ന്, ജനവാസമേഖലകൾ ഒഴിവാക്കികൊണ്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിക്കുവാനും ബഹു.സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരം ഒരു കി.മീ. ഇക്കോസെൻസിറ്റീവ് സോൺ എന്നതിൽ കുറവ് വരുത്തുവാനുമായി നടപടികൾ സ്വീകരിക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ 25.06.2022-ൽ കേന്ദ്ര സർക്കാരിലേക്ക് കത്ത് അയച്ചിട്ടുള്ളതും, ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും ജനവാസ മേഖലകൾ ഒഴിവാക്കുന്നതിനായുള്ള നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി കേന്ദ്ര വനം പരിസ്ഥിതി മന്ത്രിക്ക് 22.06.2022-ൽ കത്ത് അയച്ചിട്ടുള്ളതുമാണ്. |
| (ബി) | വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും 12 കിലോമീറ്റർ വരെ പരിസ്ഥിതിലോല മേഖലയാക്കാമെന്ന് 2015- ൽ അന്നത്തെ സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് നിർദ്ദേശിച്ചിരുന്നുവോ; മറ്റെന്തൊക്കെ കാര്യങ്ങളാണ് നിർദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇല്ല. എന്നാൽ 08-05-2013-ലെ മന്ത്രിസഭായോഗ തീരുമാനമനുസരിച്ച് സംരക്ഷിത മേഖലകൾക്ക് ചുറ്റും ജനവാസമേഖലകൾ ഒഴിവാക്കി 0-12 കിലോ മീറ്റർ വരെ പാരിസ്ഥിതിക സംവേദകമേഖലകളായി വിജ്ഞാപനം ചെയ്യുവാൻ തീരുമാനിച്ചതിനനുസൃതമായി, പ്രൊപ്പോസലുകൾ കേന്ദ്രത്തിലേയ്ക്ക് അയച്ചിട്ടുണ്ട്. |
| (സി) | സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ | (സി) | ബഹു.സുപ്രീം കോടതി ഉത്തരവിന്റെ |

| | |
|---|---|
| പരിസ്ഥിതി ലോല മേഖല വിഷയം ചർച്ച ചെയ്യാൻ സർക്കാർ പ്രത്യേക യോഗം വിളിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | പശ്ചാത്തലത്തിൽ 08-06-2022-ലും, 05-07-2022-ലും ബഹു. വനം വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും പ്രത്യേക യോഗങ്ങൾ ചേർന്നിട്ടുണ്ട്.<br><br>ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ചേർന്ന യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.<br><br>1. ബഹു. സുപ്രീം കോടതിയുടെ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങളുടെ 1 കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ മറ്റു നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ശേഖരിച്ച് ബഹു. സുപ്രീം കോടതിക്ക് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് സർക്കാരിനെ അറിയിക്കുക.<br><br>2. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുള്ള ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള, കേന്ദ്ര എംപവെർഡ് കമ്മിറ്റിയ്ക്ക് കൂടി സമർപ്പിച്ചുകൊണ്ട് ആയതിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പൊസലുകൾ ബഹു.സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുക. ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ ഖണ്ഡിക 44 (f)-ൽ വ്യക്തിമാക്കിയ പ്രകാരം സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യം വ്യക്തമാക്കുന്ന രീതിയിൽ ഇത്തരം നടപടികൾ സ്വീകരിക്കേണ്ടതാണ്.<br><br>3. 03-06-2022-ലെ ബഹു, സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ. സംസ്ഥാന സർക്കാർ ഉടൻ റിവ്യൂ പെറ്റീഷൻ/ മോഡിഫിക്കേഷൻ പെറ്റീഷൻ സമർപ്പിക്കുക.<br><br>4. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ മേൽ നടപടികളിലൂടെ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹു.സുപ്രീം കോടതിയെയും ബോധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. |

| | | | |
|---|---|---|---|
| | | | 08-06-2022-ലെ യോഗ തീരുമാന പ്രകാരമുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച വിലയിരുത്തലുകൾ 30-06-2022-ൽ ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത ഓൺലൈൻ യോഗത്തിലും 05-07-2022-ൽ ബഹു.വനംവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ